# Regional Agricultural Research  Ambalavayal

Kerala Agricultural University, Ambalavayal, Wayanad - 673 593

{]mtZinI ImÀjnI KthjW tI{µw, tIcf ImÀjnI kÀÆIemime, A¼ehbÂ, hb\mSv 673593

Phone: 04936 260421, web: www.kau.edu, email: rarsamb@kau.in


**നമ്പർ.ഡി. 3810/19(13)** **തീയതി 01.11.19**

## ലേലം/ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് **2020 ജനുവരി മാസം 01 മുതൽ 12 വരെ** നടത്തുന്ന " അന്താരാഷ്ട്ര പുഷ്പഫല പ്രദർശന മേള പൂപ്പൊലി 2020 " ന്റ ഭാഗമായി "Food Court" ലേലം ചെയ്യുന്നതിനുവേണ്ടി **ജി.എസ്.റ്റി രജിസ്ട്രേഷൻ** ഉള്ള സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ലേലം ക്ഷണിച്ചുകൊള്ളുന്നു.

### പുഷ്പഫല പ്രദർശന മേള 2020 – Food Court മുദ്രവച്ച ലേലം

- Food Court: – 2 യൂണിറ്റ്, ഒന്നിന്റെ അടിസ്ഥാന വില : 1,50,000 രൂപ +18% Pn.Fkv.Sn.)
- ഒരു യൂണിറ്റിന് **1000** സക്വയർ ഫീറ്റ് സ്ഥലമാണ് അനുവദിക്കുന്നത്.
- ഇവ അനുവദിക്കുന്ന സ്ഥലങ്ങൾ ലേലം സമർപ്പിക്കുന്നതിനു മുൻപ് നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടതാണ്.
- വ്യവസ്ഥകൾ പ്രതിപാദിച്ചു കൊണ്ടുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള ഫോമിൽ ഓരോന്നിനും പ്രത്യേകമായിരിക്കണം ലേലം സമർപ്പിക്കേണ്ടത്.
- **ക്വട്ടേഷൻ ലഭിക്കുന്ന ആൾക്കും, കൂടെയുള്ള തൊഴിലാളികൾക്കും ഈ സ്ഥാപനത്തിന്റെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്. ഇത് ലഭിക്കുന്നതിനായി ഫോട്ടോയും, തിരിച്ചറിയൽ കാർഡുകളും എക്സിബിഷൻ തുടങ്ങുന്നതിന് ഒരാഴ്ച മുൻപ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.**

ലേലം/ക്വട്ടേഷൻ കവറിനുപുറത്ത് എഴുതേണ്ടത് : **പൂപ്പൊലി 2020 – ഫുഡ് കോർട്ട് ക്വട്ടേഷൻ**

| | |
|---|---|
| ലേലം/ക്വട്ടേഷൻ ലഭിയ്ക്കേണ്ട അവസാന തീയതി, സമയം: | **19.11.2019, 11.00 a.m** |
| ലേലം/ക്വട്ടേഷൻ തുറക്കുന്ന തീയതി, സമയം | : **19. 11.2019, 11.30 a.m** |
| നിരതദ്രവ്യം | : **25,000/-** രൂപ (ഇരുപത്തയ്യായിരം രൂപ) |
| ടെൻഡർ വില | : |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | : **25,000**/– (ഇരുപത്തയ്യായിരം രൂപ) |

(അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്,ആർ.എ.ആർ.എസ്. അമ്പലവയലിന്റെ പേരിൽ ഡിഡി ആയി)

ലേലം/ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം : അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്
മേഖലാ കാർഷിക ഗവേഷണ കേന്ദ്രം,
അമ്പലവയൽ, വയനാട്

**നിബന്ധനകൾ:**

1) ലേലം/ക്വട്ടേഷൻ ലഭിക്കുന്നവർ 1/3 തുക 3 ദിവസത്തിനകം തന്നെ അടയ്ക്കേണ്ടതാണ്. ശേഷിക്കുന്ന തുക **30.11.19 ന് മുമ്പായി അടയ്ക്കേണ്ടതാണ്.** അല്ലാത്തപക്ഷം ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതും, നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാകുന്നതുമാണ്.

2) ഫുഡ് കോർട്ടിന്റെ ലേലം/ക്വട്ടേഷൻ നൽകുന്നവർ അവിടെ വിൽക്കുവാൻ ഉദ്ദേശിക്കുന്ന വിഭവങ്ങളുടെ വിവരം ക്വട്ടേഷനിൽ കാണിച്ചിരിക്കണം.

3) ലേലം/ക്വട്ടേഷൻ ലഭിക്കുന്നവർ വിൽക്കുന്ന വിഭവങ്ങളുടെ വില വിവര പട്ടിക പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

4) **ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ചു മാത്രമേ വിഭവങ്ങൾ വിൽക്കുവാൻ പാടുള്ളൂ. പ്ലാസിറ്റിക് ഉൽപ്പന്നങ്ങൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.**

5) ലേലം/ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി വിൽക്കുന്ന സാധനങ്ങൾക്ക് ആവശ്യമായ FSSAI മുതലായ ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽ നിന്ന് ഉൾപ്പെടെയുള്ള ലൈസൻസ് നേടിയിരിക്കേണ്ടതാണ്. ആയതിന്റെ പകർപ്പ് **പൂപ്പൊലി തുടങ്ങുന്നതിന് 5 ദിവസം മുമ്പ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.**

6) ആരോഗ്യവകുപ്പിൽ നിന്നും ലഭിക്കുന്ന ഹെൽത്ത് കാർഡ് എല്ലാ തൊഴിലാളികൾക്കും ഉണ്ടായിരിക്കേണ്ടതാണ്.

7) ഭക്ഷ്യ സാധനങ്ങൾ എല്ലാ ശുചിത്വ മാനദണ്ഡങ്ങളും പാലിച്ചു മാത്രമേ തയ്യാറാക്കി വിൽക്കുവാൻ പാടുള്ളൂ. വിൽക്കുന്ന സാധനങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും സാഹചര്യത്തിൽ നിയമ പ്രശ്നമുണ്ടായാൽ അവയ്ക്ക് ഈ സ്ഥാപനം ഉത്തരവാദിയായിരിക്കുന്നതല്ല.

8) ലേലം/ക്വട്ടേഷൻ ലഭിക്കുന്നവർ വൈദ്യുതിക്കുള്ള സംവിധാനം സ്വയം ഏർപ്പെടുത്തേണ്ടതാണ്.

9) നിരതദ്രവ്യം അസോസിയേറ്റ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ.

10) ആദ്യം പൊതു ലേലവും തുടർന്ന് ക്വട്ടേഷൻ തുറക്കുന്നതും ആവശ്യമെങ്കിൽ അന്നേ ദിവസം തന്നെ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ പുനർ ലേലം നടത്തുന്നതുമാണ്.

11) ആവശ്യമായ ഭക്ഷ്യ സുരക്ഷാ ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാതിരുന്നാൽ ക്വട്ടേഷൻ/ ലേലം ഉറപ്പിച്ച് പ്രവർത്തനം തുടങ്ങിയ ശേഷവും ഫുഡ് കോർട്ടിന്റെ പ്രവർത്തനാനുമതി പ്രത്യേക മുന്നറിയിപ്പില്ലാതെ റദ്ദ് ചെയ്യുന്നതും നിരതദ്രവ്യം, ലേലം/ക്വട്ടേഷൻ തുക ഇവ സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാകുന്നതുമായിരിക്കും.

12) കാരണം കാണിക്കാതെയും യാതൊരു വിധ മുന്നറിയിപ്പില്ലാതെയും പ്രവർത്തനാനുമതി റദ്ദ് ചെയ്യാനുള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിൽ നിക്ഷിപ്തമായിരിക്കും.

**ഇതര നിബന്ധനകൾ:**

നിശ്ചിത സമയത്തിനുശേഷം ലഭിയ്ക്കുന്ന ക്വട്ടേഷനുകൾ പരിഗണിയ്ക്കുന്നതല്ല. ക്വട്ടേഷനുകൾ നിർദ്ദിഷ്ട മാതൃകയിലുള്ള ക്വട്ടേഷൻ ഫോമിൽ തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്. എറ്റവും കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉണ്ടായിരിക്കും. ക്വട്ടേഷൻ ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസിൽ നിന്നുള്ള ഓർഡർ/നിർദ്ദേശങ്ങൾ അനുസരിച്ച് പൂർണ്ണ ഉത്തരവാദിത്തത്തോട് കൂടി ജോലി ചെയ്ത് തരുന്നത് ബാദ്ധ്യസ്ഥനായിരിക്കും. അല്ലാത്തപക്ഷം തക്കതായ നടപടികൾ സ്വീകരിക്കുന്നതും നിരതദ്രവ്യം സർവകലാശാലയ്ക്ക് മുതൽക്കൂട്ടാകുന്നതുമാണ്. സർക്കാർ ക്വട്ടേഷനിലെ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്. നികുതികൾ ബാധകമാണെങ്കിൽ അത് ക്വട്ടേഷൻ ലഭിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്. ക്വട്ടേഷൻ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും കുറയ്ക്കുന്നതല്ല. ക്വട്ടേഷൻ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ **11.30 a.m.**ന് ക്വട്ടേഷൻ തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.

ഒപ്പ്/-

**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

നോട്ടീസ് ബോർഡ്
പകർപ്പ് : വിതരണത്തിന്

//ഉത്തരവിൻ പ്രകാരം//

സെക്ഷൻ ഓഫീസർ

**കേരള കാർഷിക സർവ്വകലാശാല**
**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**
**അമ്പലവയൽ, വയനാട്**

ക്വട്ടേഷൻ 2; **ഫുഡ് കോട്ടിന് ഉള്ള ക്വട്ടേഷൻ ഫോം**

1)ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ /സ്ഥാപനത്തിന്റെ പേരും വിലാസവും ( ഫോൺ നംബർ സഹിതം)

2) ലൈസൻസ് നംബർ :

3) നൽകുവാൻ ഉദ്ദേശിക്കുന്ന വിഭവങ്ങൾ/ അളവ് സഹിതം::

3) ആകെയുള്ള ജീവനക്കാരുടെ എണ്ണം:

4) ക്വോട്ട് ചെയ്യുന്ന തുക:

നിബന്ധനകൾ:, 1) ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന (എഫ് എസ് എസ് എ ഐ )ലൈസൻസ് ഉള്ളവരും ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നവരും മാത്രമേ ക്വട്ടേഷനിൽ പങ്കെടുക്കുവാൻ പാടുള്ളൂ

2) മേള തുടങ്ങുതിന് മുൻപായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ആവ ശ്യമായ ലൈസൻസുകൾ സ്വന്തം ഉത്തരവാദിത്തത്തിൽ നേടിയെടുക്കേണ്ടതാണ്

3) ക്വട്ടേഷൻ ലഭിക്കുകയാണെങ്കിൽ 100 രൂപ മുദ്രപത്രത്തിൽ നിർദ്ദിഷ്ട മാതൃക യിലുള്ള സമ്മതപത്രം ഹാജരാക്കേണ്ടതാണ്

4) ഇതിന് വേണ്ടിവരുന്ന വൈദ്യുതി സ്വന്തം മാർഗ്ഗത്തിലൂടെ ഏർപ്പാടാക്കേണ്ട താണ്

5) ഭക്ഷണത്തിന്റെ അവശിഷ്ടങ്ങൾ മുതലായവ യഥാസമയം നിക്കേണ്ടതും സ്റ്റാളിന്റെ പരിസരം വൃത്തിയായി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്

അംബലവയൽ:
തീയതി: ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ ഒപ്പ്

**കേരള കാർഷിക സർവ്വകലാശാല**
**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**
**അമ്പലവയൽ, വയനാട്**

ക്വട്ടേഷൻ 2; ഫുഡ് കോട്ടിന് ഉള്ള ക്വട്ടേഷൻ ഫോം
( 2 പേർക്ക് വീതം )

1)ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ /സ്ഥാപനത്തിന്റെ പേരും വിലാസവും ( ഫോൺ നംബർ സഹിതം)

2) ലൈസൻസ് നംബർ :

3) ആകെയുള്ള ജീവനക്കാരുടെ എണ്ണം:

4) ക്വോട്ട് ചെയ്യുന്ന തുക:

നിബന്ധനകൾ:, 1) ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ലൈസൻസ് ഉള്ളവരും ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നവരും മാത്രമേ ക്വട്ടേഷനിൽ പങ്കെടുക്കുവാൻ പാടുള്ളൂ

2) മേള തുടങ്ങുതിന് മുൻപായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ ലൈസൻസുകൾ സ്വന്തം ഉത്തരവാദിത്തത്തിൽ നേടിയെടുക്കേണ്ടതാണ്

3) ക്വട്ടേഷൻ ലഭിക്കുകയാണെങ്കിൽ 100 രൂപ മുദ്രപത്ത്രിൽ നിർദ്ദിഷ്ട മാതൃകയിലുള്ള സമ്മതപത്രം ഹാജരാക്കേണ്ടതാണ്

4) ഇതിന് വേണ്ടിവരുന്ന വൈദ്യുതി സ്വന്തം മാർഗ്ഗത്തിലൂടെ ഏർപ്പാടാക്കേണ്ടതാണ്

5) ഭക്ഷണത്തിന്റെ അവശിഷ്ടങ്ങൾ മുതലായവ യഥാസമയം നിക്കേണ്ടതും സ്റ്റാളിന്റെ പരിസരം വൃത്തിയായി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്

6) വിൽക്കുന്ന ഉൽപ്പന്ന്ങ്ങളുടെ വിലവിവര പട്ടിക പ്രസിദ്ധപ്പെടുത്തേണ്ടതും യാതൊരുകാരണവശാലും പ്രദർശന കാലയളവിൽ വിലകളിൽ വർദ്ധനവ് വരുത്തുവാനോ പാടുള്ളതല്ല

7)ആവശ്യമെന്ന് കാണുകയാണെങ്കിൽ ക്വട്ടേഷൻ തുറക്കുന്നതിന് മുൻപോ ശേഷമോ പൊതു ലേലം ഉണ്ടായിരിക്കും

അംബലവയൽ:

തീയതി: | ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ ഒപ്പ്